## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2435** **14.06.2019-ൽ മറുപടിക്ക്**

### ദ്യുതി 2021

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) 2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള വൈദ്യുതി അപകടസാധ്യതയില്ലാതാക്കി വിതരണം ചെയ്യുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; | (എ) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തുകൊണ്ട് ഗുണമേന്മയുള്ള വൈദ്യുതി അപകടസാധ്യതയില്ലാതാക്കി വിതരണം ചെയ്യുക എന്നതാണ് 2021 ഓടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന ദ്യുതി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനായി എച്ച്.റ്റി ലൈനുകൾ പുതുതായി നിർമ്മിക്കുകയും, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ശൃംഖലകളിൽ ബാക്ക് ഫീഡിങ്ങ് സംവിധാനം ഉറപ്പു വരുത്തുകയും, പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുകയും (റീ കണ്ടക്ടറിങ്ങ് വർക്കുകൾ) പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന വൈദ്യുതി അപകടങ്ങൾക്ക് കാരണമായേക്കാവുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുകയും, ഇലക്ട്രിക്കൽ ലൈനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിലവാരം ഉയർത്തി സ്റ്റാൻഡേർഡൈസേഷൻ ചെയ്യുക തുടങ്ങിയ വർക്കുകളും നടപ്പിലാക്കി വരുന്നു. |
| (ബി) ദ്യുതി 2021 എന്ന പദ്ധതിക്കായി ബോർഡിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ വഴി നടപ്പിലാക്കുന്ന കാര്യങ്ങൾ | (ബി) ദ്യുതി 2021 പ്രവർത്തികൾ വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പി.എം.യു) രൂപീകരിച്ച് പ്രവർത്തനം |

എന്തൊക്കെയാണ്; ഇതിനായി ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

നടത്തി വരുന്നു. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ ജി.ഐ.എസ് അധിഷ്ഠിത രേഖാ ചിത്രം കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവർത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ഗുണ നിലവാരം ഉറപ്പാക്കി നിർവ്വഹിക്കുക എന്നത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്തമാണ്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവർത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ